(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാനും ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട് അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവൺമെന്റ്, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ഐ.ടി. അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജന അഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉടൻതന്നെ അന്തിമ രൂപം നൽകുന്നതാണ്.

കാപെക്സിന്റെ ഫാക്ടറികൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി

290 (639) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാപ്പക്സിന്റെ ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ വിധി വന്ന സാഹചര്യത്തിൽ കാപ്പക്സിനെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ നൽകാൻ കേരള സർക്കാരിന്റെ ഭാഗത്തു നിന്നും സുപ്രീകോടതിയിലെ മുതിർന്ന അഭിഭാഷകനേയും കാപെക്സിന്റെ ഭാഗത്തുനിന്നും സീനിയർ അഡ്വക്കേറ്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ നിർമ്മാണത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കുവാൻ നിയമ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly